**പാലക്കാട് തദ്ദേശസ്വയംഭരണവകുപ്പ് ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (2) കൺവീനറുടെ നടപടിക്രമം**

(ഹാജർ: കെ സതീഷ് കുമാർ)

സംഗ്രഹം:- തദ്ദേശസ്വയംഭരണ വകുപ്പ്- പാലക്കാട് ജില്ല-ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (2)- തീരുമാനം സംബന്ധിച്ച്

പരാമർശം:- 1. ശ്രീമതി പ്രിൻസ് പി ദേവസാറാമ്മ, പ്രിൻസ് ബസേറ, കാഞ്ഞിക്കുളം എന്നവർ നവകേരള സദസ് മുമ്പാകെ നൽകിയ പരാതി

2. ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (2)യുടെ 18/01/2024 തിയതിയിലെ തീരുമാനം

**<u>ഉത്തരവ് നമ്പർ: LSGD/JD/PKD/6384/2023-I2 തീയ്യതി: 19/01/2024</u>**

ശ്രീമതി പ്രിൻസ് പി ദേവസാറാമ്മ, പ്രിൻസ് ബസേറ, കാഞ്ഞിക്കുളം എന്നവർ നവകേരള സദസ് മുമ്പാകെ, മുണ്ടൂർ ഗ്രാമപഞ്ചായത്തിൽ നിന്നും, 2007 ൽ പെർമിറ്റ് എടുത്ത് കഴിഞ്ഞ വർഷം പണി പൂർത്തീകരിച്ച കെട്ടിടത്തിന് കെട്ടിടനമ്പർ അനുവദിച്ചില്ലെന്നും 3 മുറികളുടെ പണി മാത്രമാണ് ഇപ്പോൾ പൂർത്തീകരിച്ചിട്ടുള്ളതെന്നും, ബാക്കിയുള്ള ഭാഗത്തിനു അനുമതി ലഭ്യമാകേണ്ടതുണ്ടെന്നും, ചില ന്യൂനതകൾ ഉള്ളതിനാൽ ഇതിനു തടസമുണ്ടെന്നും, ഈ പ്രശ്നം പരിഹരിക്കണമെന്നും ആവശ്യപ്പെട്ട് നൽകിയ പരാതി പരിശോധിച്ചു. പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും വിശദമായ റിപ്പോർട്ട് ലഭ്യമാക്കി. പരിശോധനയിൽ കുറെ ന്യനതകൾ ഉണ്ടെന്ന് എൽ എസ് ജി ഡി വിഭാഗം റിപ്പോർട്ട് ചെയ്തതായി സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ന്യൂനതകൾ പരാതിക്കാരനെ അറിയിച്ച കത്ത് സെക്രട്ടറി നല്കിയിട്ടുണ്ട്. അപേക്ഷകനിൽ നിന്നും ന്യൂനത പരിഹരിച്ച് പുതിയ അപേക്ഷ ലഭിക്കുന്ന മുറക്ക്, 30 ദിവസത്തിനകം കെട്ടിട നമ്പർ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനു സെക്രട്ടറിയെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു. അല്ലാത്ത പക്ഷം, സർക്കാർ ഇത്തരത്തിൽ നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങൾ നിയമാനുസൃതമാക്കുന്നതിനുള്ള ചട്ടം പുറപ്പെടുവിക്കുന്ന മുറക്ക് അത് പ്രകാരമുള്ള അപേക്ഷ സമർപ്പിക്കേണ്ടതും, അത് ചട്ടപ്രകാരം പരിഗണിക്കുന്നതിനു സെക്രട്ടറിയെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

കെ സതീഷ് കുമാർ
ഇന്റേണൽ വിജിലൻസ് ഓഫീസർ

തദ്ദേശസ്വയംഭരണവകുപ്പ്, പാലക്കാട്

പകർപ്പ്: ശ്രീമതി പ്രിൻസ് പി ദേവസാറാമ്മ, പ്രിൻസ് ബസേറ, കാഞ്ഞിക്കുളം